# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## ഡൽഹി ഭദ്രാസനം

## ഇടവക ട്രസ്റ്റിമാർ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ

- ഓരോ സാമ്പത്തിക വർഷവും മൂന്നു മാസം കൂടുമ്പോൾ ഇടവകയുടെ ഓഡിററ് ചെയ്ത കണക്കുകൾ കൈസ്ഥാന സമിതിയിൽ അവതരിപ്പിക്കേണ്ടതാണ്.
- മൂന്നു മാസത്തിനുള്ളിൽ ലഭിക്കുന്ന നിശ്ചിത സ്തോത്രകാഴ്ചകൾ അതാത് സംഘടനകൾക്ക് അയച്ചു കൊടുക്കേണ്ടതാണ്.
- വികാരിമാർക്ക് ശമ്പളം അതാത് മാസം അവസാന ദിവസം തന്നെ കൊടുക്കുന്നതിന് ശ്രദ്ധിക്കുക.
- ഇടവകയുടെ സ്ഥാവരജംഗമ വസ്തുക്കൾ സംബന്ധിച്ച് ഒരു സ്റ്റോക്ക് രജിസ്റ്റർ ഉണ്ടായിരിക്കണം.
- പള്ളിയും പരിസരവും പ്രത്യേകിച്ച് മദ്ബഹായും ഏററവും ഭംഗിയായും വൃത്തിയായും സൂക്ഷിക്കണം.
- സെമിത്തേരി ഭംഗിയായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കുക. സെമിത്തേരി ഇനത്തിൽ ലഭിക്കുന്ന വരുമാനം ഒരു പ്രത്യേക അക്കൗണ്ടാക്കി അതിനായി മാത്രം ഉപയോഗിക്കേണ്ടതാണ്.
- എല്ലാ സംഭാവനകളും ഇതര വരുമാനങ്ങളും കഴിവതും വേഗം ബാങ്കിൽ നിക്ഷേപിക്കുന്നതിന് ശ്രദ്ധിക്കണം.
- കഴിവതും പണമിടപാടുകൾ പ്രത്യേകിച്ച് ചെലവിനങ്ങൾ ബാങ്ക് വഴിയായി നിർവ്വഹിക്കുന്നതാണ് അഭികാമ്യം.
- വികാരി അച്ചന്മാർക്ക് നല്ല പിന്തുണയും സഹകരണവും എല്ലായ്പ്പോഴും നൽകിക്കൊടുക്കണം.
- കഴിവതും എല്ലാ ആരാധനയിലും പ്രാർത്ഥനാക്കൂട്ടങ്ങളിലും പങ്കെടുക്കണം.
- വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുന്ന വൈദികർക്ക് ആരാധനയെ തുടർന്ന് ഭക്ഷണം നൽകുന്നതിന് ക്രമീകരണം ചെയ്യുന്ന പതിവ് തുടരുന്നത് അഭികാമ്യമാണ്.
- സഭയുടെ പിരിവ്-സംഭാവന രംഗങ്ങളിൽ പിന്നോക്കം പോകാതെ ഒരു നല്ല മാതൃക ആയിരിക്കുക.
- ബഡ്ജററ് അധികരിക്കാതെ ചെലവുകൾ നിയന്ത്രിക്കുവാൻ ശ്രദ്ധിക്കണം. ബഡ്ജററ് അധികരിച്ചാൽ കൈസ്ഥാന സമിതിയുടേയും തുടർന്ന് ഇടവക പൊതുയോഗത്തിന്റേയും അനുമതി വാങ്ങിയിരിക്കേണ്ടതാണ്.
- സഭയുടെ 13 സ്തോത്രകാഴ്ചകൾ കൂടാതെ റെശ്ശീശാ, നിത്യച്ചെലവ്, കൈമുത്ത് (വിവാഹ സംഭാവനയുടെ പത്തിൽ ഒന്ന്), പെൻഷൻ ഫണ്ട്, പ്രോവിഡന്റ് ഫണ്ട് ഇവ മാർച്ച് മാസത്തിനു മുൻപായി സഭാ കേന്ദ്രത്തിൽ അടക്കേണ്ടതാണ്.

- ഓരോ സാമ്പത്തിക വർഷവും ഇടവക വികാരിയുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% പെൻഷൻ ഫണ്ടായും, 20% പ്രോവിഡന്റ് ഫണ്ടായും സഭാ ഓഫീസിൽ അടക്കേണ്ടതാണ്. പ്രോവിഡന്റ് ഫണ്ടിന്റെ 20%-ൽ 10% പ്രതിമാസം അച്ചന്മാരുടെ ശമ്പളത്തിൽ നിന്ന് ഈടാക്കേണ്ടതാണ്.
- മെത്രാപ്പോലീത്താ തിരുമേനിയുടെ കല്പന പ്രകാരം അച്ചന്മാരുടെ ചികിത്സാ സഹായത്തിനായി ക്രമീകരിച്ചിരിക്കുന്ന Clergy Medical Aid Scheme-ൽ ചേരുന്നതിനായി പ്രതിവർഷം ₹4000/- സഭാ ഓഫീസിൽ അടക്കേണ്ടതാണ്. ആയതിന്റെ പകുതി വികാരിയിൽ നിന്ന് ഈടാക്കാവുന്നതാണ്.
- ഭദ്രാസന വികസന ഫണ്ട് (DDF), അച്ചന്മാരുടെ ശമ്പള ക്രമീകരണ ഫണ്ട് (SAF), ഭദ്രാസന ഞായറാഴ്ച വിഹിതം(DSC) എന്നിവ അതാത് സാമ്പത്തിക വർഷത്തിൽ തന്നെ ഭദ്രാസന ഓഫീസിൽ അടക്കേണ്ടതാണ്. DDF, SAF എന്നിവ വികാരിയച്ചന്റെ അടിസ്ഥാന ശമ്പളത്തിനു തുല്യമായ തുകയും DSC ഭദ്രാസന എപ്പിസ്ക്കോപ്പാ തിരുമേനിയുടെ കൽപന പ്രകാരം നിശ്ചയിച്ച് അറിയിക്കുന്ന തുകയുമാണ്. കൂടാതെ, ഭദ്രാസന എപ്പിസ്ക്കോപ്പാ കാലാകാലങ്ങളിൽ പ്രത്യേക ആവശ്യങ്ങൾ, പദ്ധതികൾ, പരിപാടികൾ എന്നിവയ്ക്കായി നിശ്ചയിച്ച് അറിയിക്കുന്ന തുക/വിഹിതം ഭദ്രാസന ഓഫീസിൽ അടക്കേണ്ട ചുമതലയും ഇടവക ട്രസ്റ്റിയുടേതാണ്.
- ഒന്നിലധികം ഇടവകയുടെ ചുമതലയുള്ള അച്ചന്മാരുടെ ഇടവകകൾക്ക്, വികാരി അച്ചന്റെ അടിസ്ഥാന ശമ്പള വിഹിതമായി നിശ്ചയിച്ച് അറിയിച്ചിട്ടുള്ള തുകയ്ക്ക് ആനുപാതികമായി മാത്രം മേൽപ്പറഞ്ഞ തുകകൾ (Pension Fund, Provident Fund, Clergy Medical Aid Scheme, DDF, SAF) സഭാ ആഫീസിലും ഭദ്രാസന ആഫീസിലും അടച്ചാൽ മതിയാകും.
- മെയ് മാസത്തിനുള്ളിൽ തന്നെ ഇടവകയുടെ വാർഷിക പൊതുയോഗം വിളിച്ചു കൂട്ടി കണക്കുകൾ അവതരിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
- തെരഞ്ഞെടുപ്പിനായി കൂടുന്ന പൊതുയോഗത്തിൽ വച്ചു തന്നെ പുതിയ ഇടവക ചുമതലക്കാരുടെ പേരിൽ ബാങ്ക് ഇടപാടുകൾ ആരംഭിക്കുന്നതിനുള്ള resolution പാസാക്കേണ്ടതാണ്. അങ്ങനെ ചെയ്താൽ വാർഷിക പൊതുയോഗത്തിനു മുമ്പ് തന്നെ, ഭദ്രാസന എപ്പിസ്കോപ്പായുടെ അനുമതിയോടെ പുതിയ ട്രസ്റ്റിമാർക്ക് ബാങ്ക് ഇടപാടുകൾ സമാരംഭിക്കാവുന്നതാണ്.
- വാർഷിക പൊതുയോഗത്തിൽ വച്ച് ബാങ്ക് പാസ്ബുക്ക്, ചെക്ക്ബുക്ക്, കരണങ്ങൾ (Documents) എന്നിവ പുതിയ ചുമതലക്കാർക്ക് കൈമാറേണ്ടതാണ്.
- സഭയുടെ വിശ്വാസം, ആചാരം, അനുഷ്ഠാനം തുടങ്ങിയ കാര്യങ്ങളിൽ നല്ല നിഷ്ഠയുള്ള മാതൃകാപരമായ വ്യക്തിത്വമായി വർത്തിക്കുവാൻ ശ്രദ്ധിക്കുക.

Dr. ABRAHAM MAR PAULOS EPISCOPA · MAR THOMA SYRIAN CHURCH OF MALABAR · DELHI DIOCESE

Marpaulos +

Dr. Abraham Mar Paulos Episcopa